"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോർട്ട് ഫൈൻ ശീർഷകത്തിൽ ഒടുക്കിയ തുക റീഫണ്ട് ചെയ്ത് കോമ്പൻസേഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുവാൻ തഹസിൽദാർ (ആർ.ആർ) കാസർഗോഡ്-ന് അനുമതി നൽകിയും ചുമതലപ്പെടുത്തിയും നടപടിക്രമം പുറപ്പെടുവിച്ച ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1261/2024/RD തീയതി,തിരുവനന്തപുരം, 04-06-2024

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.01.2024, 23.03.2024 തീയതികളിലെ എൽ.ആർ/525/2024 എഫ് ബി(എ9) കത്തുകൾ.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 24.02.2024 തീയതിയിലെ LR/525/2024-FB(A9) നമ്പർ പ്രകാരമുള്ള നടപടിക്രമം.

**ഉത്തരവ്**

ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി II കാസർഗോഡിന്റെ ഡിസ്കസ് വാറന്റ് നമ്പർ CC 16/2016 കേസിലെ തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് 2019/4200/14 നമ്പർ റവന്യൂ റിക്കവറി ഫയലിലെ കടിശ്ശികക്കാരിയായ ശ്രീമതി.നിഷ എന്നവരിൽ നിന്നും കുടിശ്ശിക തുകയായ 48,564/- രൂപ നാല് തവണകളായി ഈടാക്കി ഓൺലൈൻ പോർട്ടലിൽ ലഭ്യമായ 0070-01-102-99-00-കോർട്ട് ഫൈൻ എന്ന ശീർഷകത്തിൽ ഒടുക്കുകയുണ്ടായി. മേൽ തുക റീഫണ്ട് ചെയ്തു കോമ്പൻസേഷൻ ശീർഷകമായ CRCD07990200000339 എന്ന ഹെഡിൽ ക്രെഡിറ്റ് ചെയ്യുവാൻ ബഹു.കോടതി നിർദ്ദേശിച്ചിരുന്നതിനാൽ റവന്യൂ റിക്കവറി പ്രകാരം തെറ്റായ ഹെഡിൽ അടച്ച തുക റീഫണ്ട് ചെയ്ത് നൽകുവാൻ, ചലാൻ നമ്പറുകളുടേയും റീഫണ്ട് ചെയ്തു നൽകേണ്ട തുകയുടെയും വിശദാംശങ്ങൾ സഹിതം കാസർഗോഡ് ജില്ലാ കളക്ടർ അപേക്ഷിക്കുകയും 15.02.2024 തീയതിയിലെ കാസർഗോഡ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്-II ന്റെ Show cause നോട്ടീസ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ സമയബന്ധിതമായി നടപടി എടുക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ടി തുക റീഫണ്ട് ചെയ്ത് നൽകുന്നതിന് പരാമർശം 2-ലെ നടപടിക്രമപ്രകാരം ഉത്തരവാക്കിയിട്ടുള്ളതാണെന്നും ആയത് പ്രകാരം തുക റീഫണ്ട് ചെയ്ത് കോടതിയുടെ CRCD അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുള്ളതായി കാസർഗോഡ് ആർ ആർ തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതിനാൽ ലാൻഡ് റവന്യൂ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് സാധൂകരണം ലഭ്യമാക്കണമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്തുകൾ പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യൂ റിക്കവറി ഫയലിലെ കടിശ്ശികക്കാരിയായ ശ്രീമതി.നിഷ എന്നവരിൽ നിന്നും ഈടാക്കി 0070-01-102-99-00-കോർട്ട് ഫൈൻ

എന്ന ശീർഷകത്തിൽ ഒടുക്കിയ തുക റീഫണ്ട് ചെയ്ത് ബഹു.കാസർഗോഡ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി II-യുടെ കോമ്പൻസേഷൻ അക്കൗണ്ട് ആയ CRCD07990200000339 ൽ ക്രെഡിറ്റ് ചെയ്യുവാൻ തഹസിൽദാർ (ആർ.ആർ) കാസർഗോഡ്-ന് അനുമതി നൽകിയും ചുമതലപ്പെടുത്തിയും നടപടിക്രമം പുറപ്പെടുവിച്ച ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (27.05.2024 തീയതിയിലെ e-2771762/Exp-D1/153/2024-Fin പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 05-06-2024 10:27:58